## 276

### 'I am so glad that our Father'

1 ഹാ ! എത്ര മോദം എൻ സ്വർഗ്ഗതാതൻ
ചൊല്ലുന്നു തൻ സ്നേഹം തൻ വേദത്തിൽ
കാണുന്നതിൽ ഞാൻ വിസ്മയകാര്യം
യേശുവിൻ സ്നേഹമതി വിശേഷം

എത്രമോദം താൻ സ്നേഹിക്കുന്നു
സ്നേഹിക്കുന്നു സ്നേഹിക്കുന്നു
എത്രമോദം താൻ സ്നേഹിക്കുന്നു
സ്നേഹിക്കുന്നെന്നെയും

2 ഓടിയാലും തന്നെ ഞാൻ മറന്നു
എന്നെ താനത്യന്തം സ്നേഹിക്കുന്നു
തൻ സ്നേഹകൈകളിലേക്കോടുന്നു
യേശു തൻസ്നേഹത്തെ ഓർക്കിലിന്നു

3 യേശു സ്നേഹിക്കുന്നെന്നെ എത്രയും
സ്നേഹിച്ചിടുന്നു ഞാനവനെയും
സ്വർഗ്ഗം താൻ വിട്ടിറങ്ങി സ്നേഹത്താൽ
ക്രൂശിൽ മരിച്ചതും തൻസ്നേഹത്താൽ

4 വിശ്രമമേറെയു ീയുറപ്പിൽ
ആശ്രയത്താലു ു വാഴ്‌വും തന്നിൽ
ചൊല്ലുകിലേശു സ്നേഹിക്കുന്നെന്നു
സാത്താൻ ഭയന്നുടൻ മ ിടുന്നു-

5 മാരാജസൗന്ദര്യം കാണുന്നേരം
പാടാനെനിക്കുള്ള പാട്ടീവണ്ണം
നിത്യതയിൽ മുഴങ്ങുന്ന ഗാനം
യേശു സ്നേഹിക്കുന്നിതെന്താശ്ചര്യം!- **T.K.**